"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - കോഴിക്കോട് കോർപ്പറേഷനിൽ സാനിട്ടേഷൻ വർക്കർ - മരണപ്പെട്ട സി.മാധവന്റെ മകൾ കുമാരി. മനീഷ .സി - എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(കൈ) നം.259/2022/LSGD തീയതി,തിരുവനന്തപുരം, 24-11-2022

---

പരാമർശം:-

1. 24.05.1999 തീയതിയിലെ സ.ഉ(പി)നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
2. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം. 5/2018/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്
3. കുമാരി. മനീഷ .സി സമർപ്പിച്ച 28.09.2020 തീയതിയിലെ ആശ്രിത നിയമന അപേക്ഷ.
4. നഗരകാര്യ ഡയറക്ടറുടെ 06.12.2021 തീയതിയിലെ ഇ4-13704/2021 നമ്പർ കത്ത്.
5. കോഴിക്കോട് ജില്ലാ കളക്ടറുടെ 17.09.2022 തീയതിയിലെ DCKKD നമ്പർ കത്ത്..

<u>ഉത്തരവ്</u>

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന്, കോഴിക്കോട് കോർപ്പറേഷനിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 03.09.2013 തീയതിയിൽ മരണപ്പെട്ട സി.മാധവന്റെ മകൾ കുമാരി. മനീഷ.സി (ഞാറപറമ്പത്ത് മീത്തൽ,സുവർണ്ണപുരം ,ചേലന്നൂർ പി.ഒ, കോഴിക്കോട്-673616) പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. സി.മാധവന്റെ സേവനകാലം 11 വർഷവും 10 മാസവും 2 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി , സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 01.12.1955 , 02.11.2001 ആണ്. നഗരകാര്യ ഡയറക്ടറും കോഴിക്കോട് ജില്ലാ കളക്ടറും അപേക്ഷകയ്ക്ക് ജോലി നൽകുന്നതിന് പരാമർശം (4),(5) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2. കുമാരി. മനീഷ .സി. പ്ലസ് ടു വിജയിച്ചിട്ടുള്ളതും ടിയാരിയുടെ ജനന തീയതി 12.05.2001 എന്നതുമാണ്. ടിയാരി ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ (28.09.2020) സമർപ്പിച്ചിട്ടുണ്ട്. ടിയാൾ വിവാഹിതയാണ്. പരേതന്റെ ആശ്രിതയാണെന്ന് കോഴിക്കോട് താലൂക്ക് തഹസിൽദാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.ഈ ജോലിക്കായി സി.മാധവന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട് . പരേതന്റെ

ആശ്രിത എന്ന നിലയിൽ കുമാരി. മനീഷ.സി.യ്ക്ക് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. ടിയാരിയുടെ കുടുംബ വാർഷിക വരുമാനം പങ്കാളിയുടേതുൾപ്പെടെ 98000/- രൂപയാണെന്ന് (തൊണ്ണൂറ്റിയെട്ടായിരം രൂപ മാത്രം) ചേലന്നൂർ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പരാമർശം (2) ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാരി സമർപ്പിച്ചിട്ടുണ്ട്.

3.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് കോഴിക്കോട് കോർപ്പറേഷനിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 03.09.2013 തീയതിയിൽ മരണപ്പെട്ട സി.മാധവന്റെ മകൾ കുമാരി. മനീഷ.സി - യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%-ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർശം (1)ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാരിയെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷക തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ.

ജില്ലാ കളക്ടർ , കോഴിക്കോട്.

കുമാരി. മനീഷ .സി, ഞാറപറമ്പത്ത് മീത്തൽ,സുവർണ്ണപുരം ,ചേലന്നൂർ പി.ഒ, കോഴിക്കോട്-673616.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/131/2021-തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by Sonu Jacob
Date: 24-11-2022 11:49:53
സെക്ഷൻ ഓഫീസർ